"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ത.സ്വ.ഭ.വ - തിരുവനന്തപുരം നഗരസഭ - കരിമഠം കോളനിയിൽ ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് പണിയുന്ന പ്രദേശത്ത് പൊളിച്ച് മാറ്റുന്ന കടിലുകളിലെ താമസക്കാർക്ക് രണ്ടായിരം രൂപ പ്രതിമാസം വാടക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1001/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 26.06.2019, 28.01.2020 എന്നീ തീയതികളിലെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ UPAII/38871/19 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭ - കരിമഠം കോളനി ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന സമുച്ചയങ്ങൾ നിർമ്മിക്കേണ്ട പ്രദേശത്ത് 105 കടിലുകൾ പൊളിച്ച് മാറ്റാനുണ്ടെന്ന് യു.പി.എ വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി കടിലുകൾ നഗരസഭയുടെ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നഗരസഭാ ജീവനക്കാർ മുഖേന പൊളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പൊളിച്ച് മാറ്റുന്ന ഓരോ കടിലുകൾക്കും ഭവന പദ്ധതി പൂർത്തീകരണ കാലയളവ് വരെ പ്രതിമാസം 2000/- രൂപ വാടകയായി നഗരസഭ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് 11.06.2019 ലെ കൗൺസിൽ തീരുമാനം 3 (51) പ്രകാരം തീരുമാനിച്ചിട്ടുള്ളതാണെന്നും ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണ പ്രദേശത്ത് പൊളിച്ച് മാറ്റാൻ ഉദ്ദേശിക്കുന്ന കടിലുകളിലെ 25 താമസക്കാരെ കരിമഠത്തെ നിലവിലെ കമ്മ്യൂണിറ്റി ഹാളിൽ താൽകാലിക താമസ സൗകര്യം നൽകാവുന്നതാണെന്നും ബാക്കി 80 താമസക്കാർക്ക് 2000/- രൂപ പ്രതിമാസ വാടക ഇനത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതുവരെ നഗരസഭ അനുവദിക്കേണ്ടതായിട്ടുണ്ടെന്നും ടി നടപടികൾക്ക് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കണമെന്നും പരാമർശം പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും പരാമർശത്തിലെ കത്തിന്റെയും അടിസ്ഥാനത്തിൽ , തിരുവനന്തപുരം നഗരസഭയുടെ കരിമഠം കോളനിയിൽ ലൈഫ് പദ്ധതി പ്രകാരം ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന പ്രദേശത്ത് നിലവിലുള്ള കുടിലുകളിലെ 25 താമസക്കാർക്ക് കരിമഠത്തെ നിലവിലെ കമ്മ്യൂണിറ്റി ഹാളിൽ താൽകാലിക താമസ സൗകര്യം നൽകുന്നതിനും ബാക്കി 80 താമസക്കാർക്ക് 2000 രൂപ പ്രതിമാസ വാടക ഇനത്തിൽ പദ്ധതി പൂർത്തിയാക്കുന്നതുവരെ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.

ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.